(5) ക്രൈസ്റ്റ്നഗർ സ്വദേശി സുനിൽ ബർണബാസ് എന്ന ആളിന്റെ മരണം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ക്രൈസ്റ്റ്നഗർ സ്വദേശിയും പട്ടികജാതി വിഭാഗക്കാരനും സംഗീത സംവിധായകൻ ശ്രീ. രവീന്ദ്രന്റെ ഡ്രൈവറുമായിരുന്ന സുനിൽ ബർണബാസ് എന്ന ആളിന്റെ മൃതശരീരം 13-9-2003-ൽ ദുരൂഹ സാഹചര്യത്തിൽ തുമ്പയ്ക്കടുത്ത റെയിൽവേ ട്രാക്കിന് സമീപം കാണപ്പെട്ടു. മൃതദേഹത്തിന് മൂന്ന് ദിവസത്തെ പഴക്കമുണ്ടെന്നും ആഴമേറിയ 32 മുറിവുകളാണ് മരണ കാരണമെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. സുനിലിനെ കൊല ചെയ്ത് റെയിൽവേ ട്രാക്കിൽ കൊണ്ടുപോയി തള്ളിയതാണെന്ന സംശയം നാട്ടുകാർക്കും ബന്ധുക്കൾക്കുമുണ്ടായി. പോലീസും പ്രഥമദൃഷ്ട്യാ ആ സംശയം ശരിവയ്ക്കുകയുണ്ടായി. ഇത് സംബന്ധിച്ച് 15-9-2003-ൽ സുനിലിന്റെ ബന്ധുക്കളും ഞാനും ചേർന്ന് മുഖ്യമന്ത്രിക്ക് പരാതി നൽകി. തുടർന്ന് പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിക്ക് പരാതി നൽകുകയുണ്ടായി. അന്വേഷണത്തിന്റെ തുടക്കത്തിൽ പോലീസ് വലിയ താല്പര്യം കാണിച്ചിരുന്നു. എന്നാൽ ഇപ്പോൾ അന്വേഷണം വഴിമുട്ടി നിൽക്കുകയാണ്. അതുകൊണ്ട് ക്രൈംബ്രാഞ്ചിനെ കൊണ്ട് സുനിലിന്റെ മരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ എത്രയും വേഗം ശിക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, സുനിൽ ബർണബാസിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന ആക്ഷേപം ഉയർന്നതിനെത്തുടർന്ന് തുമ്പ പോലീസ് സബ്ഇൻസ്പെക്ടർ നടത്തിവന്ന കേസിന്റെ അന്വേഷണം തിരുവനന്തപുരം ഡി.ഐ.ജി. യുടെ നിർദ്ദേശ പ്രകാരം ശംഖുമുഖം അസിസ്റ്റന്റ് കമ്മീഷണർ ഏറ്റെടുത്തു. കേസന്വേഷണം ഇപ്പോൾ വളരെ ഊർജ്ജിതമായി നടത്തുകയാണ്.

(6) വിദേശ കമ്പനികളുടെ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിന് അനുമതി നൽകാനുള്ള തീരുമാനം

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷനെ കൂടാതെ ഇതേ കാര്യത്തെക്കുറിച്ച് ശ്രീ. ടി. എൻ. പ്രതാപനും ശ്രീ. കെ. സി. വേണുഗോപാലും സബ്മിഷന് നോട്ടീസ് തന്നിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, നമ്മുടെ തീരപ്രദേശത്തെയാകെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. വർഷങ്ങൾക്കു മുമ്പ് വിദേശ ട്രോളറുകൾക്ക് ലൈസൻസ് കൊടുത്തു, ആകെ പ്രശ്നമായി, കടൽ തകർന്നു, അവസാനം ലൈസൻസ് നിർത്തലാക്കി. വീണ്ടും വിദേശ കമ്പനികളുടെ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

അനുമതി കൊടുക്കാനുള്ള നീക്കം നടക്കുകയാണ് വളരെ ആശങ്കയോടെയാണ് കേരളത്തിലെ തീരദേശവാസികൾ ഇക്കാര്യം കാണുന്നത്. ഇത് അടിയന്തിരമായി നിർത്തലാക്കാൻ ഈ സഭ ഒന്നാകെ ആവശ്യപ്പെടണം. ഒരിക്കലും വിദേശ ട്രോളറുകൾക്ക് മത്സ്യം പിടിക്കാൻ അവകാശം കൊടുക്കരുത്. അറബിക്കടൽ നാളെ ഒരു ചാവുകടലായി മാറാതിരിക്കണമെന്നുണ്ടെങ്കിൽ ഈ സഭ ഒറ്റക്കെട്ടായി കേന്ദ്രഗവൺമെന്റിന്റെ ഈ നീക്കത്തെ തടയണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, കേന്ദ്രഗവൺമെന്റിന്റെ പുതിയ കയറ്റുമതി-ഇറക്കുമതി നയത്തിന്റെ ഭാഗമായി 11 സ്വകാര്യ സ്ഥാപനങ്ങൾക്ക് 32 ആഴക്കടൽ മീൻപിടുത്ത കപ്പലുകൾ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര കോമേഴ്സ് മിനിസ്ട്രിയും കൃഷി വകുപ്പും സംയുക്തമായി അംഗീകാരം കൊടുത്ത വിവരം കേന്ദ്രഗവൺമെന്റിന്റെ തന്നെ ഏജൻസിയായ കൊച്ചിയിലെ എം:പി.ഇ.ഡി.എ-യെ അറിയിച്ചിട്ടുണ്ട്, എന്നാൽ സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. പക്ഷേ ഈ വിവരം അറിഞ്ഞയുടൻ തന്നെ കൽക്കട്ടയിൽ നടന്ന കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുടേയും വിവിധ സംസ്ഥാനങ്ങളുടെ ഫിഷറീസ് വകുപ്പുമന്ത്രിമാരുടേയും സമ്മേളനത്തിൽ കപ്പലുകൾക്ക് നൽകിയിട്ടുള്ള ലൈസൻസ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് വളരെ ശക്തമായി ഈ ലൈസൻസ് റദ്ദാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള നമ്മുടെ എം.പി.മാരും നമ്മുടെ കോസ്റ്റൽ ബെൽറ്റിലെ ശ്രീ. കെ. സി. വേണുഗോപാലും ശ്രീ. ടി. എൻ. പ്രതാപനും ഉൾപ്പെടെയുള്ള എം.എൽ.എ. മാരും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എന്റെ ഒരു അഭ്യർത്ഥന ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ഇത് കേരളത്തിന്റെ സാമ്പത്തിക മേഖലയെ തകർക്കുകയും കേരളത്തിന്റെ തീരപ്രദേശത്തെ പ്രശ്നങ്ങൾ വഷളാക്കുകയും ചെയ്യുന്ന ഒരു കാര്യമായതുകൊണ്ട് ഈ ഹൗസിന്റെ തന്നെ ഒരു അഭിപ്രായമായി ഒരു പ്രമേയമാക്കി, അങ്ങ് മുൻകയ്യെടുത്ത് ഈ ആവശ്യം കേന്ദ്രഗവൺമെന്റിനെ അറിയിക്കുന്നതിന് ഒരു സംവിധാനമുണ്ടാക്കണമെന്നാണ്.

IV റിപ്പോർട്ട് സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപതാമത് റിപ്പോർട്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ എഴുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഏഴു മുതൽ ഒൻപതു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഏഴ് മുതൽ ഒമ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly